# ‘അല്ലാഹുവേ നീ ഉദ്ദേശിച്ചുവെങ്കിൽ പൊറുക്കേണമേ’ എന്ന തേട്ടം

അബൂഹുറയ്റﷺവിൽ നിന്നും നിവേദനം. അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

«لاَ يَقُلْ أَحَدُكُمْ: اللّهُمّ اغفِرْ لِي إِنْ شِئْتَ ، اللّهُمّ ارْحَمْنِي إِنْ شِئْتَ، لِيَعْزِمْ المسألَةَ, فَإِنّ اللهَ لاَ مُكْرِهَ لَهُ»

“നിങ്ങളിൽ ഒരാൾ “അല്ലാഹുവേ നീ ഉദ്ദേശിച്ചെങ്കിൽ എനിക്ക് പൊറുത്തുതരൂ, അല്ലാഹുവേ നീ ഉദ്ദേശിച്ചെങ്കിൽ എന്നോട് കരുണ കാണിക്കൂ” എന്ന് പറയരുത്. അയാൾ തേട്ടം ഉറപ്പിക്കട്ടെ, കാരണം അല്ലാഹുവിനെ നിർബന്ധിക്കുവാൻ ആരുമില്ല.” (ബുഖാരി)

ഇമാം മുസ്ലിംﷺവിന്റെ രിവായത്തിൽ:

«وَلْيُعَظِّمِ الرّغْبَةَ ، فَإِنّ اللّهَ لاَ يَتَعَاظَمُهُ شَيْءٌ أَعْطَاهُ».

“അവർ ആഗ്രഹിക്കുന്നത് മഹത്തരമാക്കട്ടെ. കാരണം അല്ലാഹു അടിയാന് നൽകുന്ന യാതൊന്നും അവന് വലിയതായിരിക്കുകയില്ല.” (മുസ്ലിം)

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

- പ്രാർത്ഥനയിൽ ‘ഇസ്തിഥ്നാഅ്’നുള്ള വിരോധം.
- അതിന്റെ കാരണം വ്യക്തമാക്കൽ.
- “ചോദ്യം ഗൗരവമാക്കട്ടെ” എന്ന വചനം.
- ആഗ്രഹത്തെ മഹത്തരമാക്കൽ.
- ഈ വിഷയത്തിന്റെ കാരണം പറയൽ.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**